**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആശാ വർക്കർമാരുടെ സേവന -വേതന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖലയിൽ നിസ്തുലമായ പ്രവർത്തനം നടത്തുന്ന ആശാവർക്കർമാരുടെ സേവന -വേതന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ആശമാർക്കുള്ള സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്. ആശാപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന 6000 രൂപ പ്രതിമാസ ഹോണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1000 രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്. . നിലവിൽ ആശാപ്രവർത്തകർക്ക് 2021 ജൂലൈ വരെയുള്ള പ്രതിമാസ ഹോണറേറിയം വിതരണം ചെയ്തിട്ടുണ്ട്. ഓഗസ്റ്റ് മാസത്തെ ഹോണറേറിയം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു |
| (ബി) | തുച്ഛമായ വരുമാനം പോലും യഥാസമയം ലഭിക്കുന്നില്ല എന്നതും വണ്ടിക്കൂലിക്കും ഫോൺ റീചാർജ്ജ് ചെയ്യുന്നതിനുമായി നല്ലൊരു തുക ചെലവാകുന്നു എന്നുമുള്ള ആശാവർക്കർമാരുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (ബി) | ആശാപ്രവർത്തകർ സന്നദ്ധ ആരോഗ്യ പ്രവർത്തകരാണ് . ഇവർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന ഹോണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ ആണ് ആശമാർക്ക് 300 രൂപ പ്രതിമാസ ഹോണറേറിയം ആദ്യമായി നല്കി തുടങ്ങിയത്. അതിനുശേഷം 2011 ജൂലൈയിൽ ഇത് 500 രൂപയായി ഉയർത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഹോണറേറിയം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 6000 |

| | | | |
|---|---|---|---|
| | | | രൂപയായി പ്രതിമാസ ഹോണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യമേഖലയിൽ മതിയായ സുരക്ഷാസംവിധാനമില്ലാതെ ജോലി ചെയ്യുന്ന ആശാവർക്കർമാരെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ ജീവനക്കാരായി നിയമിച്ച് അവരുടെ വേതനവും മറ്റാനുകൂല്യങ്ങളും ഉയർത്തുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ